## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T.4964 — 06.02.2014-ൽ മറുപടിയ്ക്ക്

### മുന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനം

| | ചോദ്യം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മുന്നോക്കവിഭാഗ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനം പ്രാവർത്തികമായിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | മുന്നോക്കവിഭാഗ ക്ഷേമ കോർപ്പറേഷന്റെ ചെയർമാൻ, ഡയറക്ടർ പദവികളിൽ ആരെയൊക്കെയാണ് നിയമിച്ചതെന്ന് വെളിപ്പെടുത്താമോ ; | (ബി) | ചെയർമാൻ :<br>ശ്രീ. ആർ. ബാലകൃഷ്ണപിള്ള<br>ഡയറക്ടർമാർ:<br>ശ്രീ. കെ. ആർ. ജ്യോതിലാൽ<br>ഡോ. വി.എം. ഗോപാലമേനോൻ<br>ശ്രീ. കെ. പി. ചന്ദ്രമോഹനൻ<br>മാനേജിംഗ് ഡയറക്ടർ :<br>ഡോ. കെ. അമ്പാടി |
| (സി) | മുന്നോക്കവിഭാഗ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി അനാവർത്തന, ആവർത്തന ഫണ്ടായി എന്തു തുക ചെലവുവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (സി) | മുന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി ആവർത്തന, അനാവർത്തന ഫണ്ടുകൾ വകയിരുത്തിയിട്ടില്ല. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി പദ്ധതി-പദ്ധതിയേതര വിഭാഗങ്ങളിൽ സംസ്ഥാന ബജറ്റ് മുഖേന തുക അനുവദിക്കുകയാണ് ചെയ്യുന്നത്. |
| (ഡി) | ചെയർമാനും ആഫീസിനും വേണ്ടി നാളിതുവരെ എന്തു തുക ഖജനാവിൽ നിന്നു ചെലവഴിച്ചുവെന്ന് വിശദമാക്കാമോ ; | (ഡി) | കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷനിൽ ശമ്പള, ശമ്പളേതര ചിലവിനത്തിൽ നാളിതുവരെ 69,88,376/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഇ) | മറ്റു ക്ഷേമ കോർപ്പറേഷനുകളിൽ നിന്ന് വിഭിന്നമായി മുന്നോക്ക ക്ഷേമ കോർപ്പറേഷൻ ചെയർമാനും, ഡയറക്ടർമാർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (ഇ) | കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ചെയർമാന് ക്യാബിനറ്റ് പദവിയും, എക്സിക്യൂട്ടീവ് അധികാരങ്ങളും 23.07.2013-ലെ ജി.ഒ.(എം.എസ്)221/2013/പൊഭവ ഉത്തരവ് പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. ശമ്പളം/ഓണറേറിയം, സെക്യൂരിറ്റി സ്റ്റാഫ്, ഔദ്യോഗിക വസതി എന്നിവ അദ്ദേഹത്തിന് അനുവദിച്ചു നൽകിയിട്ടില്ല. ടൂറിസം വകുപ്പ് വഴി അദ്ദേഹത്തിന് സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | | | കാർ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള നിയമപ്രകാരം റ്റി.എ/ഡി.എ എന്നിവയ്ക്കും അർഹതയുണ്ട്. ഒരു പ്രൈവറ്റ് സെക്രട്ടറി, ഒരു ഓഫീസ് അറ്റൻഡന്റ്, ഒരു ഡ്രൈവർ എന്നീ തസ്തികകളും അദ്ദേഹത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്.<br>കോർപ്പറേഷനിലെ ചെയർമാനും ഡയറക്ടർമാർക്കും മറ്റു ക്ഷേമ കോർപ്പറേഷനുകളിൽ നിന്ന് വിഭിന്നമായി ആനുകൂല്യങ്ങളൊന്നും നൽകിയിട്ടില്ല. |
| (എഫ്) | പ്രസ്തുത ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാനിടയായ സാഹചര്യം വിശദമാക്കാമോ ? | (എഫ്) | ഏറ്റവും സീനിയറായ രാഷ്ട്രീയ നേതാവ് എന്ന പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ